**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 5982 | 04.11.2016-ൽ മറുപടിക്ക്

## ചിറ്റൂർ ടെക്നിക്കൽ ഹൈസ്കൂളിനെ പോളിടെക്നിക് ആയി ഉയർത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കൃഷ്ണൻകുട്ടി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ചിറ്റൂർ ടെക്നിക്കൽ ഹൈസ്കൂളിനെ പോളിടെക്നിക് ആയി ഉയർത്തുന്നതിലേക്ക് എന്തെങ്കിലും നിവേദനങ്ങൾ ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) ചിറ്റൂർ ടെക്നിക്കൽ ഹൈസ്കൂളിനെ പോളിടെക്നിക് ആയി ഉയർത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ചിറ്റൂർ പൌര സമിതി സമർപ്പിച്ച നിവേദനം ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത സ്കൂളിനെ പോളിടെക്നിക്ക് ആയി ഉയർത്തുന്നതിന് എന്തെങ്കിലും നിയമ തടസ്സങ്ങൾ ഉണ്ടോ ; | (ബി) ചിറ്റൂർ ടെക്നിക്കൽ ഹൈസ്കൂൾ ഉൾപ്പെടെ 8 ടെക്നിക്കൽ ഹൈസ്കൂളുകൾ പോളിടെക്നിക്കുകളാക്കി ഉയർത്തുന്നതിന് 31.10.1995 ലെ ജി.ഒ.(എം.എസ്) 185/95/ഉ.വി.വ പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എന്നാൽ 11.6.1996 ലെ ജി.ഒ.(എം.എസ്) 122/96/ഉ.വി.വ നമ്പർ ഉത്തരവ് പ്രകാരം ടെക്നിക്കൽ ഹൈസ്കൂളുകൾ പോളിടെക്നിക്കുകളായി ഉയർത്തേണ്ടതില്ലെന്നും അവ ടെക്നിക്കൽ ഹൈസ്കൂളുകൾ ആയി തുടരേണ്ടതാണെന്നും തീരുമാനമെടുത്തിരുന്നു. |
| (സി) ചിറ്റൂർ ടെക്നിക്കൽ ഹൈസ്കൂളിനോടനുബന്ധമായി പോളിടെക്നിക് ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ ചെയ്യാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ